(സി) എങ്കിൽ പട്ടത്തെ ഭൂമി ഇതിനു വിരുദ്ധമായി പതിച്ചു നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അതു പുനഃപരിശോധിക്കുമോ ;

(ഡി) സർക്കാർ ഭൂമിയിൽ നിന്ന് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമിയുടെ കൈവശവും ഉടമസ്ഥാവകാശവും സർക്കാരിൽ നിക്ഷിപ്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ രാജകുടുംബത്തിൽനിന്നും സർക്കാർ ഏറ്റെടുത്ത ഭൂമി സർക്കാർ ജീവനക്കാർക്കുള്ള വാസഗൃഹങ്ങൾ (ക്വാർട്ടേഴ്സുകൾ) പണിയുകയെന്ന പൊതുആവശ്യത്തിനായി നീക്കിവെച്ചിരുന്ന സ്ഥലമായിരുന്നു. പിന്നീട് ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ മറ്റൊരു ദിക്കിലേയ്ക്ക് മാറ്റി പണിതത് കാരണം ഇവിടം ആയതിന് ഉപയുക്തമാക്കുകയുണ്ടായിട്ടില്ല. പ്രസ്തുത ഭൂമിയിൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി ശ്രീ. പി. എസ്. ശ്രീനിവാസൻ സ്മാരകത്തിനും, 10 സെന്റ് ഭൂമി പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഫൗണ്ടേഷനും, 10 സെന്റ് ഭൂമി ആർ. ശങ്കരൻ സ്മാരകത്തിനും 24-4-2010-ാം തീയതിയിലെ ജി.ഒ.(എം.എസ്.) 144/10/റവന്യൂ നമ്പർ ഉത്തരവുപ്രകാരം സർക്കാർ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം കുടികിടപ്പുകാർക്കും ചെറുകിട കൈവശക്കാർക്കും പതിവു നൽകുന്നതിനും പൊതുആവശ്യത്തിനായി മാറ്റിവയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

(സി) (എ) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സർക്കാർ ഭൂമിയിൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൈയ്യേറിയ വസ്തുവിൽനിന്നും നിയമാനുസൃതം കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിന് വസ്തു പുനഃസ്ഥാപിക്കുന്നു.

കല്യാട് വില്ലേജിലെ സർക്കാർ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയ നടപടി

176 (3952) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ല, തളിപ്പറമ്പ് താലൂക്കിൽ കല്യാട് വില്ലേജിലെ റീസർവ്വേ 23/1, 46/1 നമ്പറുകളിൽ മിച്ചഭൂമിയായും പുറമ്പോക്ക് ഭൂമിയായും മാറ്റി നിർത്തപ്പെട്ടിരുന്ന ചെങ്കൽ, പുൽപ്പാറ പ്രദേശങ്ങളിലെ ഭൂമി വില്ലേജ് അധികാരികളുടെ ഒത്താശയോടെ വ്യാപകമായി കൈവശപ്പെടുത്തുകയും പരിസ്ഥിതിക്ക് ദോഷകരമായ നിലയിൽ പ്രവർത്തിക്കുന്ന ചെങ്കൽ ക്വാറികൾക്ക് മറിച്ച് നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്തകാലത്തായി മാത്രം കൈവശപ്പെടുത്തിയിരിക്കുന്ന പ്രസ്തുത പ്രദേശങ്ങൾ ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പട്ടയമോ, മറ്റു നിയമവിധേയരേഖകളോ ഇല്ലാതെ നികുതി സ്വീകരിച്ച് കൈവശം സ്ഥാപിക്കാൻ സൗകര്യമൊരുക്കിയ വില്ലേജ് അധികാരികളുടെ നടപടി അന്വേഷണവിധേയമാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്കിൽ കല്യാട് വില്ലേജിലെ റീസർവ്വെ 46/1-ൽ മിച്ചഭൂമിയായി ഏറ്റെടുത്ത് പൊതുആവശ്യത്തിനായി റിസർവ്വ് ചെയ്ത സ്ഥലത്ത് ചെങ്കൽ ഖനനവും അനധികൃത കൈയ്യേറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റീസർവ്വെ 23/1-ൽ കൈയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഈ സ്ഥലത്ത് ചെങ്കൽ ഖനനം നിർത്തിവയ്പിച്ച നടപടിക്കെതിരെ തളിപ്പറമ്പ് മുൻസിഫ് കോർട്ടിൽ ഒ.എസ്.-305/09 നമ്പർ പ്രകാരം സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കോടതിവിധിക്ക് അനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക സ്ഥലം സർക്കാർ ഉടമസ്ഥതയിലാക്കാൻ നടപടി

177 (3956) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വകാര്യ വ്യക്തിക്ക് വിട്ടുകൊടുക്കാൻ ഉത്തരവായ പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക സ്ഥലം സർക്കാരിന്റെ ഉടമസ്ഥതയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക സ്ഥലം സ്വകാര്യ വ്യക്തിക്ക് വിട്ടുകൊടുക്കാനുള്ള ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്. സ്റ്റേ നീങ്ങുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനാവൂ.

കോൾ വികസനത്തിന് ഏറ്റെടുത്ത ഭൂമിക്ക് വില നൽകാൻ നടപടി

178 (3957) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കോൾ വികസനത്തിനായി കെ.എൽ.ഡി.സി. ഏറ്റെടുത്ത മുഴുവൻ ഭൂമിക്കും വില നൽകിയിട്ടുണ്ടോ ; എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly